നം. C3/43414/15

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 21.03.2017
email Id: swdkerala@gmail.com
Ph: 0471-2306040

## പരിപത്രം

വിഷയം :സാനീവ - വിവിധ കാര്യാലയങ്ങളിൽ കരാർ വ്യവസ്ഥയിൽ ഉപയോഗിച്ചുവരുന്ന വാഹനങ്ങൾ തുടർന്നും ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്.

സൂചന :ഈ കാര്യാലയത്തിലെ 15.03.15 തീയതിയിലെ C3/43414/15 നമ്പർ പരിപത്രം

സാമൂഹ്യനീതി വകുപ്പിന് കീഴിലെ ജില്ലാതല ICDS സെല്ലുകൾ ഒഴികെയുള്ള വാഹനമില്ലാത്ത കാര്യാലയങ്ങളിൽ 2017-18 സാമ്പത്തികവർഷം കരാറടിസ്ഥാനത്തിൽ വാഹനം വാടകയ്ക്കെടുക്കുന്നതിനായി ടെണ്ടർ ക്ഷണിക്കുന്നതിന് സൂചന പ്രകാരം അനുമതി നൽകിയിരുന്നു. നിലവിലെ കരാർ വാഹനങ്ങൾക്ക് 31.03.17 വരെയാണ് കരാർ കാലാവധി. ടി തീയതിയ്ക്കുള്ളിൽ പുതിയ ടെണ്ടർ ക്ഷണിച്ച് നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ നിലവിൽ ഉപയോഗിച്ചുവരുന്ന കരാർ വാഹനങ്ങൾ 30.04.17 വരെ തുടർന്നും ഉപയോഗിക്കാവുന്നതാണ് എന്ന് അറിയിക്കുന്നു. 2017 ഏപ്രിൽ 30-ന് ശേഷം യാതൊരു കാരണവശാലും ടി വാഹനങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല. 2017 ഏപ്രിൽ 30നകം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പുതിയ വാഹനം ഉപയോഗിക്കുന്നതിനുള്ള നടപടികൾ അതാത് കാര്യാലയമേധാവികൾ സ്വീകരിക്കേണ്ടതുമാണ്.

ജില്ലാതല ICDS സെല്ലുകളിൽ ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ നിലവിലെ കരാർ വാഹനങ്ങൾ തുടർന്നും ഉപയോഗിക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

SK/17